# സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
# വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 37/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവത്തിന്റെയും, ക്രൂശുമരണത്തിന്റെയും, പുനരുത്ഥാനത്തിന്റെയും പുണ്യ സ്മരണ ഉണർത്തുന്ന വലിയനോമ്പ് 2025 മാർച്ച് 3-ന് അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ശുബ്ക്കോനോ ശുശ്രൂഷയോടെ ആരംഭിക്കുകയാണ്. ആർഭാടത്തിന്റെയും, സമൃദ്ധിയുടെയും സുവിശേഷം മാത്രം ഘോഷിക്കപ്പെടുകയും, പാപബോധം നഷ്ടപ്പെടുകയും ചെയ്തിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ ജീവിതവും, അനുതാപവും, കണ്ണുനീരും, പ്രാർത്ഥനയും, കാരുണ്യ പ്രവർത്തികളുമാണ് ദൈവത്തിങ്കലേക്ക് നമ്മെ അടുപ്പിക്കുന്നത് എന്ന് നോമ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നു. 'നോമ്പിൽനിന്നുയരും വാസന ഇമ്പകരം' എന്ന് നോമ്പ് നമസ്കാരത്തിൽ നാം പാടുമ്പോൾ നോമ്പനുഷ്ഠിച്ച് പാപത്തിന്റെയും തിന്മയുടെയും ദുർഗന്ധം നമ്മിൽ നിന്ന് നീക്കി ലോകത്തിനു സൗരഭ്യം പകരാനുള്ള നിയോഗം സഭ നമ്മെ ഏല്പിക്കുകയാണ്. പരിശുദ്ധ നോമ്പുകാലത്തെ നമ്മുടെ  ഉപവാസം, കുമ്പിടീൽ, ഭക്ഷണ വർജ്ജനം, ദീർഘമായ വേദപാരായണം ആദിയായ ആത്മീയ കർമ്മങ്ങൾ ദൈവത്തോടു കൂടെ വസിക്കാനുള്ള നമ്മുടെ അഭിവാഞ്ഛയുടെ പ്രകട രൂപങ്ങളായി നാം തിരിച്ചറിയണം.

നമ്മുടെ വ്യക്തി ശുദ്ധീകരണത്തോടൊപ്പം, സമൂഹത്തിന്റെ നന്മയ്ക്കും മാറ്റത്തിനും ലോകം നേരിടുന്ന പ്രതിസന്ധികളുടെ പരിഹാരത്തിനുംവേണ്ടി നോമ്പുകാലത്ത് ഓരോരുത്തരും മുട്ടിപ്പായി പ്രാർത്ഥിക്കണം. ലഹരിക്കും, വഴിവിട്ട ജീവിത ശൈലിക്കും അടിമപ്പെടുന്ന യുവാക്കൾ, തകരുന്ന കുടുംബ ബന്ധങ്ങൾ, യുദ്ധക്കെടുതികൾ, പ്രകൃതി ക്ഷോഭങ്ങൾ, ജാതിമത വൈരങ്ങൾ എന്നിങ്ങനെ ലോകത്തെ അസ്വസ്ഥതപ്പെടുത്തുന്ന എല്ലാറ്റിനെയും ഓർത്ത് ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുവാൻ ഏവരും സമയം കണ്ടെത്തണം. നമ്മുടെ സഭയിലെ ആബാലവൃദ്ധം ജനങ്ങളും ഈ നോമ്പ് ആദിയോടന്തം അനുഷ്ഠിക്കണം എന്ന് നാം സ്നേഹബുദ്ധ്യാ നിങ്ങളോട് ആവശ്യപ്പെടുന്നു. ഭവനങ്ങളിൽ കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് രാവിലെയും വൈകിട്ടുമെങ്കിലും കുമ്പിട്ട്  യാമ നമസ്കാരങ്ങൾ നടത്തുകയും, നോമ്പിൽ വിശുദ്ധ കുമ്പസാരം നടത്തി വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യണം. നമ്മുടെ വളർന്നുവരുന്ന കുഞ്ഞുങ്ങളെയും, യൗവ്വനക്കാരെയും ഇക്കാര്യത്തിൽ പ്രത്യേകം ഉത്സാഹിപ്പിക്കണം എന്ന് നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു.

വിശുദ്ധ നോമ്പ്, കാരുണ്യവും ദീനാനുകമ്പയും വഴിഞ്ഞൊഴുകേണ്ട കാലമാണ്. ദാനധർമങ്ങൾ നടത്തുവാനും, നിരാലംബരായ സഹജീവികളോട് കരുണ കാണിക്കുവാനും, സർവ്വ സൃഷ്ടിയിലും ദൈവത്തിന്റെ ചൈതന്യം ദർശിക്കുവാനും അതിലൂടെ ആത്മീയ ഉന്നതി പ്രാപിക്കുവാനും നമുക്ക് സാധിക്കണം. പ്രകൃതി ചൂഷണം, ആഡംബരം, അത്യാർത്തി, ലഹരി, അമിത ഭക്ഷണം, അമിത മൊബൈൽ-സമൂഹ മാധ്യമ ഉപയോഗം ഇവയിൽ നിന്നൊക്കെയും ഈ നോമ്പുകാലത്ത് വിശ്വാസികൾ വർജ്ജനം ശീലിക്കണം എന്ന് നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു.

വാത്സല്യ മക്കളെ, നമ്മുടെ പൂർവ്വികർ നോമ്പാലും ഉപവാസത്താലും സാത്താനെയും ലോകത്തെയും തോൽപ്പിക്കുകയും ദൈവത്തിന് ഇഷ്ടന്മാരായി ജീവിച്ചു കടന്നു പോകുകയും ചെയ്തവരാണ്. നമുക്കും ഈ വലിയ നോമ്പ് കാലം പ്രാർത്ഥനയിലും ഉപവാസത്തിലും തല്പരരായി ആത്മ വിശുദ്ധിയും, ദൈവ തേജസ്സും, കുടുംബ ഭദ്രതയും, സഭാ ശാക്തീകരണവും, ദേശത്തിന്റെ സൗഖ്യവും പ്രാപിക്കാം. ഈ ദിനങ്ങളിൽ കർത്താവിലും അവന്റെ കുരിശിലും ധ്യാനിച്ചും, മാനിച്ചും, സേവിച്ചും ക്ഷീണം അറിയാതെ യാത്ര ചെയ്യാം. നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ സന്തോഷവും സമാധാനവും ആവോളം അനുഭവിക്കുവാൻ നമുക്കേവർക്കും ഈ നോമ്പിന്റെ അന്ത്യത്തിൽ ഇടയാകട്ടെ. 'ഞങ്ങളുടെ രക്ഷകൻ നോറ്റ നോമ്പേ സമാധാനത്താലെ വരിക' എന്ന പ്രാർത്ഥനയോടെ നമുക്ക് പരിശുദ്ധ നോമ്പിനെ വരവേൽക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2025 ഫെബ്രുവരി മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him) Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 37/2025**

Blessings in our Lord to beloved Vicars and Asst. Vicars of the Parishes, Priests of the locality, Office Bearers and beloved members of the parishes,

Dearly Beloved ,
The Holy Lent commemorating the suffering, death on the cross and resurrection of our Savior begins on March 3, 2025 with the Shubukono service , the service of reconciliation and peace. In this age where only the gospel of prosperity and abundance is preached and the sense of sin is lost, Lent reminds us that holy living, repentance, tears, prayer, and acts of mercy draw us closer to God. When we sing in the Lenten prayer that (നോമ്പിൽ നിന്നുയരും വാസന ഇമ്പകരം) 'the fragrance that comes out of fasting is pleasant', the Church is entrusting us with the mission to remove the stench of sin and evil from us by observing fasting and spread the fragrance to the world. We should recognize our spiritual practices such as fasting, prostration, abstinence from food and long recitation of scriptures during Holy Lent as expressions of our desire to dwell with Him.

Along with our personal purification, everyone should pray during Lent for the good and change of the society and for the solution of the crises facing the world. At this time, everyone should find time to pray whole heartedly, remembering the youths who are addicted to drugs and misguided lifestyles, broken family relationships, war disasters, natural calamities, caste-religious conflicts, etc. We lovingly exhort you that everyone in our church should observe this fast from beginning to the end. In the families, all the family members join together in the morning and the evening Lenten prayers by prostration and one should make Holy Confession and receive Holy Qurbana during this Lenten season. We exhort you to especially encourage our growing children and youth in this regard.

Holy Lent is a season of compassion and mercy. We should attain spiritual elevation through fasting to give charity, to show mercy to the needy fellow beings and to see the spirit of God in all creation. We advise you that believers should practice abstinence during this Lent from exploitation of nature, luxury, gluttony, drunkenness, overeating, excessive mobile and social media use.

Beloved children, our forefathers defeated Satan and the world by fasting and prayer and passed away pleasing to God. Let us also pray and fast this great Lenten season and get spiritual purity, God's glory, family security, church empowerment, and the healing of the land. During these days, we can travel tirelessly by meditating, honoring and serving the Lord and His cross. May we all experience the joy and peace of our Lord's ascension at the end of this Lent. Let us welcome the Holy Lent with the prayer "Come in peace, the holy lent our Savior has observed"

May the Grace and Blessings of the God Almighty abide with you forever. And may the prayers of the Mother of our God, the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On February 10, 2025